DWCD/3250/2022-WEC2

I/64882/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3250/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം.
പൂജപ്പുര,തിരുവനന്തപുരം
തീയതി : 02-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്-അഭയകിരണം പദ്ധതി 2022-23- അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് -സംബന്ധിച്ച്:-

സൂചന:- വനിതാ ശിശു വികസന ഡയറക്ടറുടെ 25/09/2022 ലെ ഇതേ നം. സർക്കുലർ

വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്ന അഭയകിരണം പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 20/10/22 ആയി നിശ്ചയിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിച്ച സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡിസംബർ 31 വരെയായി ദീർഘിപ്പിക്കുന്നു.

2022 ഒക്ടോബർ 20 വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ 15.11.2022 ന് മുൻപ് അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ടി പദ്ധതി സംബന്ധിച്ച് വ്യാപകമായ പരസ്യം പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും, അങ്കണവാടി പ്രവർത്തകർ മുഖേനയും ജനങ്ങൾക്കിടയിൽ ശക്തമായ പ്രചാരണം നടത്തേണ്ടതും പരമാവധി അപേക്ഷകർക്ക് ധനസഹായം ഉറപ്പ് വരുത്തേണ്ടതുമാണ്.

ICDS/ജില്ലാ ഓഫീസുകളിൽ Pending/rejected അപേക്ഷകളുണ്ടെങ്കിൽ അപാകതകൾ പരിഹരിച്ച് അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സി.ഡി.പി.ഒ മാർക്കും നൽകേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എന്നിവരുടെ അനാസ്ഥയാൽ ഏതെങ്കിലും ഗുണഭോക്താവിന് ധനസഹായം ലഭ്യമാകാതെ വന്നാൽ ആയത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ/ജില്ലാ ഓഫീസർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്

വനിത ശിശു വികസന ഡയറക്ടർ (I/c)

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്